بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# osKhuthba Khulasa 13.07.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*13.07.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ ബദ്‌രീ സഹാബാക്കൾ അബൂ ഉസൈദ് ബ്നു മാലിക് ബ്നു റബീഅ സാഅദിയുടെയും അബ്ദുല്ലാഹ് ബ്നു അബ്ദുൽ അസദ് അബൂസൽമായുടെയും ത്യാഗോജ്ജ്വലമായ ചരിത്രസംഭവങ്ങൾ.

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

ഇന്നു ഞാൻ രണ്ടു സഹാബികളെക്കുറിച്ച് വിവരിക്കുന്നതാണ്. ഒരു സഹാബി, ഹദ്റത്ത് അബൂ ഉസൈദ് മാലിക് ബ്നു റബീഅ സാഅദിയാണ്. അബൂ ഉസൈദ് എന്ന തന്റെ ഗോത്രനാമത്താൽ പ്രസിദ്ധനാണദ്ദേഹം. ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂസഅ്ദയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് അബൂ ഉസൈദ് മാലിക് ബ്നു റബീഅ വലിപ്പം കുറഞ്ഞ ആളായിരുന്നു. അദ്ദേഹത്തിന്റെ തലയും താടിയും നരച്ചു വെളുത്തിരുന്നു. വാർധക്യമായപ്പോഴേക്കും അദ്ദേഹത്തിന് കഴ്ച നഷ്ടമായി. ഹിജ്റ 60 ന് ഹദ്റത്ത് മുആവിയയുടെ കാലഘട്ടത്തിൽ 75 ാമത്തെ വയസ്സിലാണ് വഫാത്തായത്. ബദർ യുദ്ധത്തിൽ പങ്കെടുത്ത സഹാബാക്കളിൽ ഏറ്റവും ഒടുവിൽ വഫാത്തായ സഹാബിയാണിദ്ദേഹം. ഹദ്റത്ത് അബൂ ഉസൈദ് ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. മക്കാ വിജയവേളയിൽ ബനൂ സഅ്ദ ഗോത്രത്തിന്റെ പതാകയേന്തിയത് ഇദ്ദേഹമായിരുന്നു. ഹദ്റത്ത് സഹൽ ബ്നു സഅദിൽ നിന്നും നിവേദനം: ഹദ്റത്ത് അബൂ ഉസൈദ് സാഅദി നബി(സ)തിരുമേനിയെ തന്റെ വിവാഹസത്കാരത്തിനു ക്ഷണിച്ചു. അന്ന് അദ്ദേഹത്തിന്റെ ഭാര്യ നബി(സ)തിരുമേനിയുടെ സേവകയായിരുന്നു. അവർ ആയിരുന്നു വധു. വളരെ ലളിതമായ വിവാഹമായിരുന്നു. വിവാഹ സത്കാരത്തിൽ ഭക്ഷണം പാകം ചെയ്യുകയും 'സെർവ്' ചെയ്യുകയും ചെയ്തിരുന്നത് വധു തന്നെയായിരുന്നു.

ഹദ്റത്ത് സഹൽ വിവരിക്കുന്നു: ഹദ്റത്ത് അബൂ ഉസൈദി(റ)ന് മുന്ദറി ബ്നു അബൂ ഉസൈദ് ജനിച്ചപ്പോൾ നബി(സ)തിരുമേനിയുടെ സമക്ഷം കുട്ടിയെ കൊണ്ടുവന്നു. അവിടുന്ന് കുട്ടിയെ മടിയിലിരുത്തി. അപ്പോഴേക്കും തിരുമേനി ഏതോ കാര്യത്തിൽ വ്യാപൃതനായി. ജനങ്ങൾ മുന്ദറിനെ മടിയിൽ നിന്നെടുത്ത് കൊണ്ടു പോയി. തിരക്കു കഴിഞ്ഞപ്പോൾ കുട്ടി എവിടെ എന്ന് നബി(സ) തിരുമേനി ചോദിച്ചു. ഹദ്റത്ത് അബൂ ഉസൈദ്(റ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അവനെ വീട്ടിലേക്കയച്ചു."

അവന് എന്താണ് പേര് വെച്ചിരിക്കുന്നതെന്ന് നബി(സ) അന്വേഷിച്ചു. അബൂ ഉസൈദ് ഏതോ പേരു പരാമർശിച്ചുകൊണ്ട് ഇന്ന പേരാണ് വെച്ചിരിക്കുന്നതെന്നു പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: "അല്ല, അവന്റെ പേര് മുന്ദർ എന്നാണ്." അവിടുന്ന് മുന്ദർ എന്ന പേരാണ് അവനിട്ടത്.

ഹദ്റത്ത് സുലൈമാൻ ബ്നു യസാറിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉസ്മാനി(റ)ന്റെ ശഹാദത്തിനു മുൻപ് ഹദ്റത്ത് അബൂ ഉസൈദ് സാഅദിയുടെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: "അല്ലാഹുവിനു നന്ദി, നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതകാലത്ത് അവൻ എനിക്ക് കാഴ്ചശക്തി നല്കി. എല്ലാ അനുഗ്രഹങ്ങളും ഞാൻ ദർശിച്ചു. പിന്നീട് അല്ലാഹു ജനങ്ങളെ പരീക്ഷിക്കാൻ ആഗ്രഹിച്ചപ്പോൾ ഈ ദുരവസ്ഥവകൾ കാണാതിരിക്കാൻ എന്റെ കാഴ്ച ശക്തി അവൻ ഇല്ലാതാക്കി."

മർവാന് ബ്നും ഹക്കം, ഹദ്റത്ത് അബൂ ഉസൈദ് സാഅദിയെ സദഖ ശേഖരിക്കുന്ന ജോലി ഏല്പിക്കാറുണ്ടായിരുന്നു; അതായത്, അതു ശേഖരിച്ച് വിതരണം ചെയ്യുന്ന ജോലി. ഒരിക്കൽ ഹദ്റത്ത് അബൂ ഉസൈദ് സക്കാത്തിന്റെ സമ്പത്ത് വിതരണം ചെയ്യാൻ വന്നു. സാധനങ്ങളെല്ലാം വിതരണം ചെയ്തു തിരിച്ചു പോയി കിടന്നുറങ്ങിയ അദ്ദേഹം ഒരു പാമ്പ് തന്റെ കഴുത്തിൽ ചുറ്റിയിരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. അദ്ദേഹം ഞെട്ടി എഴുന്നേറ്റു കൊണ്ട് ചോദിച്ചു: വിതരണം ചെയ്യാനുള്ള സമ്പത്തിൽ ഏതെങ്കിലും വിട്ടു പോയോ? ഇല്ല എന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു.

അദ്ദേഹം ചോദിച്ചു: "പിന്നെന്തു കൊണ്ടാണ് എന്റെ കഴുത്തിൽ പാമ്പ് ചുറ്റിയത്? എന്തെങ്കിലും വിട്ടു പോയോ എന്നു നോക്കൂ." പരിശോധിച്ചതിനു ശേഷം ഭാര്യ പറഞ്ഞു: "അതേ, ഒട്ടകത്തെ കെട്ടുന്ന കയർ കൊടുക്കാനുണ്ട്." അങ്ങനെ അബൂ ഉസൈദ് ആ കയറും തിരിച്ചു കൊടുത്തു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ സഹാബാക്കളെ തഖ്‌വയുടെ അതിസൂക്ഷ്മമായ തലങ്ങളിൽ വെച്ചുകൊണ്ട് വിശ്വസ്തതയുടെ ഉത്തുംഗ പദവിയിലെത്തിക്കാനാണ് അല്ലാഹു ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടു തന്നെ സ്വപ്നങ്ങളിലൂടെയും അവർക്ക് മാർഗദർശനം നല്കാറുണ്ടായിരുന്നു.

അൻസാറുകളെസ്സംബന്ധിച്ച് നബി(സ)തിരുമേനി വിവരിച്ച ശ്രേഷ്ഠതകൾ എന്തൊക്കെയാണെന്ന് ഒരിക്കൽ ചില യുവാക്കൾ ഹദ്റത്ത് അബൂ ഉസൈദിനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നബി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: അൻസാറുകളിലെ എല്ലാ ഗോത്രങ്ങളിലും വെച്ച് ഏറ്റവും നല്ലത് ബനൂനജ്ജാറിന്റെ കുടുംബമാണ്. അതിനു ശേ

ഷം ബനു അബ്ദുൽ അശ്അൽ, പിന്നീട് ബനൂ ഹാരിള് ബ്നു ഖസ്റജ്. അതു കഴിഞ്ഞാൽ ബനൂസാഇദ. അൻസാറുകളിലെ എല്ലാ കുടുംബങ്ങളിലും നന്മ മാത്രമേയുള്ളൂ.

രണ്ടാമത്തെ സഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു അബ്ദുൽ അസദ് ആണ്. അബ്ദുല്ലാഹ് എന്നത് അദ്ദേഹത്തിന്റെ പേരും ഗോത്രനാമം അബൂസൽമ എന്നുമായിയിരുന്നു. ബറഹ് ബിൻത് അബ്ദുൽ മുത്തലിബ് ആയിരുന്നു അദ്ദേഹത്തിന്റെ മാതാവ്. നബി(സ)തിരുമേനിയുടെ അമ്മായിയുടെ മകനെന്ന നിലയിൽ അവിടുത്തെ സഹോദരനായിരുന്നു. മുലകുടി ബന്ധത്തിലും നബി(സ)തിരുമേനിയുടെയും ഹദ്റത്ത് ഹംസ(റ)യുടെയും സഹോദരനായിരുന്നു. അബൂലഹബിന്റെ ദാസി സൗബിയ അദ്ദേഹത്തെ മുലയൂട്ടിയിട്ടുണ്ട്. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഉമ്മെ സൽമയെ ആദ്യം വിവാഹം കഴിച്ചത് ഇദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനു ശേഷമാണ് ഉമ്മെ സൽമയുമായി നബി(സ) തിരുമേനിയുടെ വിവാഹം നടക്കുന്നത്. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ, ഇസ്ലാം സ്വീകരിക്കുന്ന പതിനൊന്നാമത്തെ വ്യക്തിയായിരുന്നു ഉമ്മെ സൽമ. അബ്സ്സീനിയയിലേക്ക് ആദ്യഹിജ്റത്ത് ചെയ്തവരോടൊപ്പം ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു അബ്ദുൽ അസദും ഭാര്യയും ഉണ്ടായിരുന്നു. അബ്സ്സീനിയയിൽ നിന്ന് മക്കയിൽ തിരിച്ചെത്തിയ ശേഷം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. മുസ്ലിംകളോടുള്ള ക്രൂരതകൾ അതിന്റെ പാരമ്യതയിലെത്തിയപ്പോൾ കഴിയുന്നവരെല്ലാം അബ്സ്സീനിയയിലേക്ക് ഹിജ്റത്ത് ചെയ്യാൻ നബി(സ) കല്പിച്ചിരുന്നു. തിരുമേനിയുടെ കല്പനയെത്തുടർന്ന് നുബുവ്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിൽ പതിനൊന്ന് പുരുഷന്മാരും നാലു സ്ത്രീകളും അബ്സ്സീനിയയിലേക്ക് ഹിജ് റത്ത് ചെയ്തു. അതിലെ മുഖ്യവ്യക്തികൾ ഇവരാണ്: ഉസ്മാന് ബ്നു അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യ റുഖിയ ബിൻത് റസൂലുല്ലാഹ്, അബ്ദു റഹ്മാൻ ബ്നു ഔഫ്, സുബൈർ ബ്നുൽ അവാം, അബൂ ഹുദൈഫ ബ്നു അത്ബ, ഉസ്മാൻ ബ്നു മള്ഊൻ, മസ്അബ് ബ്നു ഉമൈർ, അബൂ സൽമ ബ്നു അബ്ദുൽ അസദ്, അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഉമ്മെ സൽമ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഖുറൈശിലെ പ്രബലരായ ഗോത്രങ്ങളിൽ നിന്നുള്ളവരായിരുന്നു മിക്ക ആദ്യകാല മുഹാജിറുകളുമെന്നത് വിസ്മയാവഹമാണ്. ഇതിൽ നിന്നും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. ഒന്ന്, പ്രബല ഗോത്രങ്ങളിൽ നിന്നുള്ളവരും ഖുറൈശികളുടെ പീഡനങ്ങളിൽ നിന്ന് സുരക്ഷിതരല്ലായിരുന്നു. രണ്ട്, ദുർബല വിഭാഗക്കാർ ഹിജ്റത്ത് ചെയ്യാൻ പോലും കഴിവില്ലാത്ത വിധം നിസ്സഹായരും അശക്തരുമായിരുന്നു. അവരുടെ ഹിജ്റത്തിനെക്കുറിച്ച് വിവരം ലഭിച്ച ഖുറൈശികൾ തങ്ങളുടെ ഇര കൈവിട്ടുപോയതിൽ പ്രകോപിതരായി. അബ്സ്സീനിയയിലെത്തിയ മുസ്ലിംകൾക്ക് വളരെ ശാന്തിസമ്പൂർണമായ ജീവിതമാണ് ലഭിച്ചത്. ഖുറൈശികളുടെ പീഡനങ്ങളിൽ നിന്നും ഒടുവിലവർക്ക് മോചനം ലഭിച്ചു.

ഇബ്നു ഇസ്ഹാഖ് പറയുന്നു: അബ്സ്സീനിയയിൽ നിന്ന് തിരിച്ചെത്തിയതിനു ശേഷം അബൂസൽമ അബൂതാലിബിനോട് സംരക്ഷണം ചോദിച്ചപ്പോൾ ബനൂ മഖ്സൂം ഗോത്രത്തിലെ ചില ആളുകൾ അബൂതാലിബിന്റെ അടുക്കൽ വന്നു പറഞ്ഞു: "നിങ്ങൾ സഹോദരപുത്രനായ മുഹമ്മദിനെ സ്വന്തം സംരക്ഷണത്തിൽ വെച്ചിരിക്കെ, ഞങ്ങളുടെ സഹോദരൻ അബൂസൽമാക്ക് സംരക്ഷണം നല്കിയതെന്തുകൊണ്ടാണ്?"

അബൂതാലിബ് പറഞ്ഞു: അവൻ സംരക്ഷണം ചോദിച്ചു. മാത്രമല്ല, അവൻ എന്റെ സഹോദരിപുത്രൻ കൂടിയാണ്. സഹോദരപുത്രന് സംരക്ഷണം നല്കിയില്ലായിരുന്നെങ്കിൽ സഹോദരിപുത്രനും നല്കുമായിരുന്നില്ല.

ഇബ്നു ഇസ്ഹാഖ് പറയുന്നു: ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മെ സൽമായിൽ നിന്ന് നിവേദനം: എന്റെ ഭർത്താവ് അബൂസൽമ മദീനയിലേക്ക് പോകാൻ തീരുമാനിച്ചതിനെ തുടർന്ന് തന്റെ ഒട്ടകത്തെ തയ്യാറാക്കുകയും എന്നെയും കൂടെയുണ്ടായിരുന്ന മകൻ സൽമായെയും അതിൽ കയറ്റി പുറപ്പെടുകയും ചെയ്തു. കുറച്ചു ചെന്നപ്പോൾ ബനൂമഖ്സൂമിലെ ചിലയാളുകൾ വളഞ്ഞു. ഉമ്മെ സൽമാ ഞങ്ങളുടെ കുട്ടിയാണെന്നും നിങ്ങളോടൊപ്പം അവളെ അയക്കില്ലെന്നും അവർ പറഞ്ഞു. ഹദ്റത്ത് ഉമ്മെ സൽമ പറയുന്നു: അവർ എന്റെ ഭർത്താവിനെ എന്നിൽ നിന്നകറ്റി. ഹദ്റത്ത് അബൂസൽമായുടെ ഗോത്രമായ ബനൂ അബ്ദുൽ അസദിന്റെ ആളുകളും ദേഷ്യപ്പെട്ടു. അബൂസൽമയുടെ മകനെ നിങ്ങൾക്ക് വിട്ടു തരികയില്ലെന്ന് പറഞ്ഞു കൊണ്ട് അവർ എന്റെ മകനെ കൊണ്ടു പോയി. പെൺകുട്ടിയെ അവളുടെ ഗോത്രക്കാരും കുഞ്ഞിനെ ഭർത്താവിന്റെ ഗോത്രക്കാരും കൊണ്ടു പോയി. അവർ പറയുന്നു: ഞാൻ തീർത്തും ഒറ്റയ്ക്കായി. ഒരു വർഷത്തോളം ഞാൻ ഈ ദുരിതത്തിലകപ്പെട്ടു. ദിവസവും ഞാൻ അബ്ത: എന്ന സ്ഥലത്തു ചെന്ന് കരയുമായിരുന്നു. ഒരിക്കൽ ഞാൻ കരയുന്നത് കണ്ടപ്പോൾ എന്റെ പിതൃവ്യന്റെ മക്കളിലൊരാൾക്ക് അലിവു തോന്നി അയാൾ ബനൂമുഗീറ എന്ന എന്റെ സമുദായത്തോട് ചെന്നു പറഞ്ഞു:'നിങ്ങൾ ഈ പാവം സ്ത്രീയെ ദ്രോഹിക്കുന്നതെന്തിനാണ്? നിങ്ങൾ ഇവരെ ഭർത്താവിൽ നിന്നും കുഞ്ഞിൽ നിന്നും അകറ്റിയിരിക്കുകയാണ്. ഇവരെ വിട്ടേക്ക്.' അങ്ങനെ അവർ എന്നോട് ഭർത്താവിന്റെ അടുക്കലേക്ക് പോകാൻ പറഞ്ഞു. ഉമ്മെ സൽമ പറയുന്നു: അതിനു ശേഷം എന്റെ മകനെ ബനീ അബ്ദുൽ അസദുകാർ തിരിച്ചു നല്കി. അങ്ങനെ ഞാൻ പോകുന്നതിനു വേണ്ടി ഒട്ടകം തയ്യറാക്കുകയും കുട്ടിയെ എടുത്ത് ഞാൻ യാത്ര ചെയ്യുകയും ചെയ്തു. ഞാൻ മദീനയിലേക്ക് പുറപ്പെട്ടപ്പോൾ സഹായത്തിന് ആരും കൂടെ ഉണ്ടായിരുന്നില്ല. തൻഈം എന്ന സ്ഥലത്തെത്തിയപ്പോൾ ഞാൻ ഹദ്റത്ത് ഉസ്മാൻ ബ്നു അബൂതൽഹയെ കണ്ടു. അന്നദ്ദേഹം മുസ്ലിമായിരുന്നില്ല. ഹിജ്റ 6 നാണ് അദ്ദേഹം ഇസ്ലാം സ്വീകരിച്ചത്. അദ്ദേഹം ചോദിച്ചു: ഉമ്മെ സൽമാ, എങ്ങോട്ടു പോകുന്നു? മദീനയിൽ ഭർത്താവിന്റെ അടുക്കലേക്ക് പോവുകയാണെന്ന് ഞാൻ പറഞ്ഞു. കൂടെ ആരെങ്കിലുമുണ്ടോ എന്ന് ഹദ്റത്ത് ഉസ്മാൻ തിരക്കി. അല്ലാവാണെ ആരുമില്ല, എന്റെ ഈ മകനും അല്ലാഹുവും മാത്രമേ കൂടെയുള്ളുവെന്ന് ഞാൻ പറഞ്ഞു. ഉസ്മാൻ പറഞ്ഞു: 'അല്ലാഹുവാണെ, ഇങ്ങനെ

ഒറ്റയ്ക്ക് പോകാൻ ഞാൻ ഒരിക്കലും അനുവദിക്കില്ല. ഞാനും കൂടെ വരാം.' അങ്ങനെ അദ്ദേഹം ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു. ഹദ്റത്ത് ഉമ്മെ സൽമ വിവരിക്കുന്നു: അല്ലാഹുവാണെ സത്യം, അറേബ്യയിലെ ആളുകളിൽ ഇത്രമാത്രം മാന്യതയുള്ള വ്യക്തിയെ ഞാൻ വേറെ കണ്ടിട്ടില്ല. പോകാനുള്ള സമയമാകുമ്പോൾ അദ്ദേഹം ഒട്ടകത്തെ തയ്യാറാക്കുമായിരുന്നു. ശേഷം ഞാൻ അതിൽ കയറി ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു യാത്രചെയ്യുമായിരുന്നു. അങ്ങനെ ഒടുവിൽ ഞങ്ങൾ മദീനയിലെത്തി.

ഹിജ്റ രണ്ടാം വർഷം നബി(സ) അശീറ യുദ്ധത്തിനു വേണ്ടി പുറപ്പെട്ടപ്പോൾ അബൂസൽമയെയായിരുന്നു മദീനയുടെ അമീർ ആയി തിരുമേനി നിശ്ചയിച്ചത്.

സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: ഹിജ്റ നാലാം വർഷം മുഹറം മാസത്തിൽ അസദ് ഗോത്രത്തിലെ പ്രമാണി തുലൈഹ ബ്നു ഖുവൈലദ് അയാളുടെ സഹോദരൻ സൽമ: ബ്നു ഖുവൈലിദും തന്റെ നാട്ടിലെ ജനങ്ങളെ നബിതിരുമേനിക്കെതിരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്ന വാർത്ത നബി(സ)തിരുമേനിക്ക് ഉടനെ ലഭിച്ചു. വിവരം അറിഞ്ഞ ഉടനെത്തന്നെ 200 സഹാബികളടങ്ങുന്ന ഒരു ശക്തമായ സൈന്യത്തെ സജ്ജമാക്കിക്കൊണ്ട് അബൂസൽമ ബ്നു അബ്ദുൽ അസദിനെ അതിന്റെ നേതാവായി നിശ്ചയിച്ചു. ബനൂ അസദ് ഗോത്രം തങ്ങളുടെ കുൽസിത പ്രവൃത്തികൾ ചെയ്തു തുടങ്ങുന്നതിനു മുൻപു തന്നെ അവരെ നാലുപാടും വിരട്ടിയോടിക്കാൻ നിർദേശിക്കുകയും ചെയ്തു. അങ്ങനെ അബൂസൽമ ഖത്വൻ എന്ന സ്ഥലത്ത് അവരെ കണ്ടു മുട്ടിയെങ്കിലും യുദ്ധമൊന്നും ഉണ്ടായില്ല. കുറച്ചു ദിവസത്തിനു ശേഷം അബൂസൽമ മദീനയിൽ തിരിച്ചെത്തുകയും ചെയ്തു. ഈ യാത്രയിലെ പതിവിൽ കവിഞ്ഞ ക്ലേശങ്ങൾ കാരണം പുറമേയ്ക്ക് ഭേദമായി എന്നു തോന്നിയിരുന്ന അബൂസൽമായുടെ ഉഹ്ദിലെ മുറിവ് പിന്നെയും അവസ്ഥ മോശമാക്കുകയും ചെയ്തു. എത്ര ചികിൽസിച്ചിട്ടും രോഗം മൂർഛിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ ആ രോഗത്തോടെ നബി(സ)തിരുമേനിയുടെ ആദ്യകാല ആത്മാർഥ സുഹൃത്തും മുലകുടി ബന്ധത്തിലെ സഹോദരനുമായ ആ സഹാബി വഫാത്തായി. അദ്ദേഹത്തെ മദീനയിൽ മറവു ചെയ്തു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: അബൂസൽമയുടെ മരണസമയം അടുത്തപ്പോൾ അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു: അല്ലാഹുവേ, എന്റെ കുടുംബത്തിന് ഏറ്റവും നല്ല പിൻഗാമിയെ ആക്കേണമേ. അങ്ങനെ ഈ ദുആ സ്വീകരിക്കപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മെ സൽമയെ നിക്കാഹ് ചെയ്തു.

സവിശേഷ പദവിയുള്ള സ്ത്രീയായിരുന്നു ഉമ്മെ സൽമ. ബുദ്ധിയും വിവേകവുമുള്ള അവർക്ക് വിശ്വാസത്തിലും കൂറിലും സവിശേഷ സ്ഥാനമുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മെ സൽമയ്ക്ക് വായിക്കാനറിയാമായിരുന്നു. അതുകൊണ്ടു തന്നെ മുസ്‌ലിം സ്ത്രീകളുടെ ശിക്ഷണ പഠന കാര്യങ്ങളിൽ പ്രത്യേക പങ്കു വഹിച്ചിട്ടുണ്ട്. ഹദീസു ഗ്രന്ഥങ്ങളിൽ ഒരുപാട് രിവായത്തുകളും ഹദീസുകളും ഇവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നിലയിൽ പ്രവാചകപത്നിമാരിൽ അവർക്ക് രണ്ടാം സ്ഥാനവും സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന മൊത്തം സഹാബാക്കളിൽ പന്ത്രണ്ടാം സ്ഥാനവുമാണുള്ളത്. അല്ലാഹു ഈ സഹാബാക്കളുടെ പദവികളെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവർ ചെയ്ത നന്മകൾ ചെയ്യാനുള്ള കഴിവും അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇനി ഞാൻ വഫാത്തായ ചിലരെക്കുറിച്ച് വിളംബരപ്പെടുത്തുന്നതാണ്. നമസ്കാരത്തിനു ശേഷം ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. അതിൽ ആദ്യത്തേത് രാജ നസീർ അഹ്മദ് സാഹിബ് നാസിർ ആണ്. അദ്ദേഹം വഖ്ഫെ സിന്ദഗിയും ജമഅത്തിന്റെ മുറബ്ബിയും ഇസ്‌ലാഹ് ഇർശാദ് മർക്കിസിയയുടെ മുൻ നാസിറുമായിരുന്നു. ജൂലായ് 6ന് രാവിലെ 11 മണിക്ക് താഹിർ ഹാർട്ട് ഇസ്റ്റിറ്റ്യൂട്ടിൽ വെച്ചാണ് വഫാത്തായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. എൺപത് വയസ്സ് പ്രായമുണ്ടായിരുന്നു. 1938 മേയ് 7 ന് ഭേരയിലെ സർഗൂദ ജില്ലയിലാണ് ജനിച്ചത്. 1958 ൽ തന്റെ ജീവിതം വഖ്ഫ് ചെയ്തു. ജാമിഅയിൽ നിന്ന് പഠിച്ചിറങ്ങിയ ശേഷം 47 വർഷം ജമാഅത്തിന് സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. പാക്കിസ്താനിലെ വിവിധ സ്ഥലങ്ങളിൽ മുറബ്ബിയായി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. 2012 ലാണ് വിരമിച്ചത്. വിശുദ്ധ ഖുർആൻ പാരായണത്തിൽ പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. ഒരിക്കലും ശിർക്ക് ചെയ്യരുതെന്നും ഖിലാഫത്തുമായി എപ്പോഴും ചേർന്നു നില്ക്കണമെന്നും അദ്ദേഹം മക്കളെ ഉപദേശിക്കുമായിരുന്നു. ഈ കാര്യങ്ങളെ സ്വയം തന്നെ അദ്ദേഹം തന്റെ ജീവിതത്തിന്റെ ഭാഗമാക്കി. അല്ലാഹു ഇദ്ദേഹത്തിൽ കരുണ ചൊരിയുമാറാകട്ടെ. ഇദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് ഈ നന്മകളും ഗുണങ്ങളും നിലനിർത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

മറ്റു രണ്ടു ജനാസകൾ, മുബീൻ അഹ്മദ് സാഹിബിന്റെയും ലിയാഖത്ത് അലി സാഹിബിന്റെ മകൻ മുഹമ്മദ് സഫറുല്ലാഹ് സാഹിബിന്റെയുമാണ്. 2018 ജൂലായ് 7ന് കറാച്ചിയിലെ വേട്ട ചോക്ക് ചൗരങ്കീ ഇൻഡസ്ട്രിയൽ ഏരിയായിൽ ഏതാണ്ട് ഉച്ചയ്ക്ക് 3 മണിക്ക് കൊള്ളക്കാരുടെ വെടിയേറ്റ് മൂന്ന് അഹ്മദീ യുവാക്കളായ മഹ്ബൂബ് അഹ്മദ് സാഹിബിന്റെ മകൻ മുബീൻ അഹ്മദ് സാഹിബിനും, സഫറുല്ലാഹ് സാഹിബിനും മുഹമ്മദ് നസറുല്ലാഹ് സാഹിബിനും മുറിവേല്ക്കുകയുണ്ടായി. അതിൽ മുബീൻ അഹ്മദ് സാഹിബും സഫറുല്ലാഹ് സാഹിബും ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഇതിൽ മുറിവേറ്റ ഹാഫിള നസറുല്ലാഹ് സാഹിബിന്റെ ഓപ്പറേഷൻ കഴിഞ്ഞ് അദ്ദേഹം ആശുപത്രിയിൽ ചികിത്സയിലാണ്. അല്ലാഹു ഇദ്ദേഹത്തിന് പരിപൂർണ സുഖം നല്കുമാറാകട്ടെ. ഈ മർഹൂമീങ്ങളുടെ പദവികൾ ഉയർത്തുമാറാകട്ടെ. സന്തപ്ത കുടുംബങ്ങൾക്ക് ക്ഷമയും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 13.07.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516